**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3331** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റൽ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റാനുള്ള നടപടികളിൽ വകുപ്പ് മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റ്, 2008-ന്റെ വകുപ്പ് 27 എ പ്രകാരവും, ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവുമാണ് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 2017 ഡിസംബർ 30 പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാതെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് സൗജന്യ തരംമാറ്റവും, 25 സെന്റിനു മുകളിൽ 1(ഒന്ന്) ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമിക്ക് ഫെയർവാല്യുവിന്റെ 10%-വും, 1 (ഒന്ന്) ഏക്കറിന് മുകളിൽ വിസ്തൃതിയുള്ള ഭൂമിക്ക് ഫെയർവാല്യുവിന്റെ 20%-വും ഫീസ് അടവാക്കിക്കൊണ്ട് തരംമാറ്റം അനുവദിക്കുവാൻ, 21.04.2021-ലെ എസ്.ആർ.ഒ നമ്പർ 369/2021 പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമ പ്രകാരമുള്ള തരംമാറ്റ നടപടികൾ വേഗത്തിലാക്കുന്നതിനായി, 27 ആർ ഡി ഓ മാർ നിർവ്വഹിച്ചു വന്നിരുന്ന ചുമതലകൾ വിനിയോഗിക്കുന്നതിന്, ആവശ്യമായ നിയമ ഭേദഗതി വരുത്തിക്കൊണ്ട്, ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെക്കൂടി റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ നിർവചനത്തിൽ ഉൾപ്പെടുത്തുകയും, ഇപ്രകാരം ആകെ 71 റവന്യൂ ഡിവിഷണൽ ഓഫീസർ/ഡെപ്യൂട്ടി കളക്ടർമാർക്ക് , താലൂക്ക് അടിസ്ഥാനത്തിൽ, ചുമതലകൾ വികേന്ദ്രീകരിച്ച് നല്കുകയും ചെയ്തുകൊണ്ട് 27.06.2024-ലെ സ. ഉ. (അച്ചടി) നം. 140/2024/ RD, 28.06.2024-ലെ സ. ഉ. (അച്ചടി) നം. 142/2024/ RD എന്നീ നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി വ്യക്തികൾക്ക് ഇളവ് നൽകിയ സാഹചര്യങ്ങൾ ഏതൊക്കെയാണെന്ന് | (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി 30.12.2017-ന് ശേഷം പിൻതുടർച്ചാവകാശ പ്രകാരമോ, വിലയാധാര |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | പ്രകാരമോ ഉടമസ്ഥാവകാശം കൈമാറിക്കിട്ടുന്ന 25 സെന്റ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്കും സൗജന്യ തരം മാറ്റം അനുവദിക്കാവുന്നതാണ്. എന്നാൽ 30.12.2017 വരെ ഒന്നായികിടന്നതും, അതിനു ശേഷം 25 സെന്റോ അതിൽ താഴെയോ ഉള്ള പ്ലോട്ടുകളാക്കി മാറ്റിയിട്ടുള്ളതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് സൗജന്യ തരംമാറ്റം അനുവദനീയമല്ല . |

സെക്ഷൻ ഓഫീസർ

5138216/2021/REV (P)

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഏപ്രിൽ 21<br>21st April 2021<br>1196 മേടം 8<br>8th Medam 1196<br>1943 വൈശാഖം 1<br>1st Vaisakha 1943 | നമ്പർ<br>No. | 1471 |



കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (സാധാ.) നമ്പർ 1166/2021/റവ.

*തിരുവനന്തപുരം. 2021 ഫെബ്രുവരി 25*
*1196 കുംഭം 13*
*1942 ഫാൽഗുനം 6.*

**എസ്. ആർ. ഒ. നമ്പർ 369/2021**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് 2008 ഡിസംബർ 24-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 443/2008/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1255/2008 ആയി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനു വേണ്ടി കേരള സർക്കാർ, ഇതിനാൽ താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും - (1) ഈ ചട്ടങ്ങൾക്ക് 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ എന്ന് പേരു പേര് പറയാം.

ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

പട്ടിക
[ചട്ടം 12 (9) കാണുക ]

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിന് അടയ്ക്കേണ്ട ഫീസ്

| ക്രമ നമ്പർ | വിസ്തീർണ്ണം | ഫീസായി അടയ്ക്കേണ്ട തുക<br>പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |
|---|---|---|
| 1 | 25 സെന്റ് വരെ<br>കുറിപ്പ് : - 2017 ഡിസംബർ 30-ാം തീയതി പ്രാബല്യ-ത്തിൽ 25 സെന്റിൽ അധികരിക്കാതെയുള്ള ഭൂമിക്കാണ് ഈ സൗജന്യം. | സൗജന്യം |
| 2 | 25 സെന്റിനു മുകളിൽ 1 ഏക്കർ വരെ | ഭൂമിയുടെ ന്യായവിലയുടെ 10 % |
| 3 | 1 ഏക്കറിനു മുകളിൽ | ഭൂമിയുടെ ന്യായവിലയുടെ 20 % |

കുറിപ്പ്:- (1) അപ്രകാരം സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതൽ ആണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100/- രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്.

കുറിപ്പ്:- (2) 2017 ഡിസംബർ 30-ാം തീയതി വരെ ഒന്നായിക്കിടന്ന ഭൂമി, അതിനുശേഷം തിരിച്ച് 25 സെന്റോ അതിനു താഴെയോ വിസ്തീർണ്ണമുള്ള പ്ലോട്ടുകളാക്കിയിട്ടുണ്ടെങ്കിൽ, അവയ്ക്ക് മേൽപ്രകാരമുള്ള സൗജന്യം ബാധകമല്ല. അവ ഒന്നായി കണക്കാക്കിയാണ് ഫീസ് ഈടാക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

***ഡോ. എ. ജയതിലക്. ഐ.എ.എസ്.***

പ്രിൻസിപ്പൽ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 12-ാം ചട്ടം 9-ാം ഉപചട്ടപ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ, ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലുള്ള തുകയ്ക്ക്, ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന പ്രസ്തുത തുക കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് അടച്ചതിന്റെ തെളിവോ ഹാജരാക്കേണ്ടതുണ്ട്. ഭൂമി തരം മാറ്റുന്നതിനായി പട്ടികയിൽ വ്യവസ്ഥ ചെയ്ച പ്രകാരമുള്ള പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യത്യസ്ത നിരക്കിലുള്ള ഫീസ്, ഏകീകരിക്കുന്ന കാര്യം പരിഗണിക്കണമെന്നും, കൂടിയ നിരക്കിലുള്ള തുക ഈടാക്കുന്നതു ന്യായമല്ലെന്നും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 14312/2019 ഉൾപ്പെടെയുള്ള കേസുകളിൻമേൽ 2021 ജനുവരി 8-ാം തീയതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റത്തിനുള്ള നിരക്കുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന വ്യത്യാസമില്ലാതെ ഏകീകരിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

ഈ ചട്ടങ്ങളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ബഹു.കേരള ഹൈക്കോടതിയുടെ WP(C) 14312/2019-ാം നമ്പർ കേസിലെ 2021 ജനുവരി 8-ാം തീയതിയിലെ ഉത്തരവിനനുസൃതമായി പുറപ്പെടുവിച്ച സ.ഉ(സാധാ.) നം.1166/2021/റവ. ഉത്തരവിന്റെ തീയതിയായ 2021 ഫെബ്രുവരി 25 മുതൽ 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി വരെയുള്ള കാലയളവിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന സംഗതികളിലും കൂടി മേൽപ്പറഞ്ഞ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ഫീസ് നിരക്കായിരിക്കും ബാധകമാകുന്നത്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(അച്ചടി) നം.140/2024/RD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:-
1. 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024, 20.06.2024 തീയതികളിലെ LR/2207/2022-LR(A4) നം. റിപ്പോർട്ട്.

**ഉത്തരവ്**

2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന്, ഇതിലേക്ക് സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തുന്ന സംഗതിയിൽ, ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്മാർക്ക് അധികാരം നൽകി നിയോഗിക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത ഉദ്ദേശ ലക്ഷ്യം നിറവേറ്റുന്നതിനായി, 'റവന്യൂ ഡിവിഷണൽ ആഫീസർ' എന്നതിന്, വകുപ്പ് 2 (xvഎ) ആയി ചുവടെ ചേർത്ത നിർവ്വചനം നൽകിക്കൊണ്ട്, പരാമർശം (1) പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

"റവന്യൂ ഡിവിഷണൽ ഓഫീസർ" എന്നാൽ സർക്കാർ റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയമിക്കുന്ന ഉദ്യോഗസ്ഥർ എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതുമാണ്."

2 . മേൽ പ്രകാരമുള്ള നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ, പരാമർശം (2)-ലെ പട്ടിക പ്രകാരം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട്

ഉത്തരവാകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008 – ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (xv എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ചുവടെ ചേർത്ത പട്ടിക പ്രകാരം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ജില്ല | റവന്യൂ ഡിവിഷണൽ ഓഫീസ് | താലൂക്ക് | ചുമതല നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം | തിരുവനന്തപുരം | ഡെപ്യൂട്ടി കളക്ടർ (ഡി.എം ) |
| | | ചിറയിൻകീഴ് | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) |
| | | വർക്കല | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) |
| | | നെയ്യാറ്റിൻകര | സബ് കളക്ടർ/ ആർ.ഡി.ഒ. തിരുവനന്തപുരം |
| | നെടുമങ്ങാട് | നെടുമങ്ങാട് | സബ് കളക്ടർ/ ആർ.ഡി.ഒ. , നെടുമങ്ങാട് |
| | | കാട്ടാക്കട | ഡെപ്യൂട്ടി കളക്ടർ (എൽ.എ) |
| | കൊല്ലം | കൊല്ലം | സബ് കളക്ടർ/ ആർ.ഡി.ഒ. , കൊല്ലം |
| | | | ഡെപ്യൂട്ടി കളക്ടർ (ആർ. |

| | | | |
|---|---|---|---|
| കൊല്ലം | | കരുനാഗപ്പള്ളി | [illegible] ആർ) |
| | | കുന്നത്തൂർ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | പുനലൂർ | കൊട്ടാരക്കര | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ. ) |
| | | പത്തനാപുരം | സബ് കളക്ടർ/ ആർ.ഡി.ഒ. പുനലൂർ |
| | | പുനലൂർ | |
| പത്തനംതിട്ട | തിരുവല്ല | തിരുവല്ല | സബ് കളക്ടർ/ആർ.ഡി.ഒ., തിരുവല്ല |
| | | മല്ലപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | റാന്നി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | അടൂർ | അടൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. അടൂർ |
| | | കോഴഞ്ചേരി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കോന്നി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | ആലപ്പുഴ | ചേർത്തല | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | കുട്ടനാട് | സബ് കളക്ടർ/ ആർ.ഡി.ഒ. ആലപ്പുഴ |

| | | | |
|---|---|---|---|
| ആലപ്പുഴ | | അമ്പലപ്പുഴ | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | ചെങ്ങന്നൂർ | മാവേലിക്കര | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കാർത്തികപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | ചെങ്ങന്നൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. ചെങ്ങന്നൂർ |
| കോട്ടയം | കോട്ടയം | കോട്ടയം | സബ് കളക്ടർ/ ആർ.ഡി.ഒ. കോട്ടയം |
| | | ചങ്ങനാശ്ശേരി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കാഞ്ഞിരപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | പാലാ | വൈക്കം | സബ് കളക്ടർ/ ആർ.ഡി.ഒ. പാല |
| | | മീനച്ചിൽ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| ഇടുക്കി | ഇടുക്കി | ഇടുക്കി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | തൊടുപുഴ | സബ് കളക്ടർ/ ആർ.ഡി.ഒ. ഇടുക്കി |
| | | പീരുമേട് | ഡെപ്യൂട്ടി കളക്ടർ (എൽ. എ. & എൽ. ആർ. ) |

| | | | |
|---|---|---|---|
| | ദേവികുളം | ദേവികുളം | സബ് കളക്ടർ/ ആർ.ഡി.ഒ. ദേവികുളം |
| | | ഉടുംമ്പൻചോല | |
| എറണാകുളം | ഫോർട്ട് കൊച്ചി | കൊച്ചി | സബ് കളക്ടർ/ ആർ.ഡി.ഒ. ഫോർട്ട് കൊച്ചി |
| | | കണയന്നൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) |
| | | പറവൂർ | ഡെപ്യൂട്ടി കളക്ടർ (ഡി. എം.) |
| | | ആലുവ | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |
| | മൂവാറ്റുപുഴ | മൂവാറ്റുപുഴ | സബ് കളക്ടർ/ ആർ.ഡി.ഒ. മൂവാറ്റുപുഴ |
| | | കോതമംഗലം | |
| | | കുന്നത്തുനാട് | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.) |
| | തൃശ്ശൂർ | തൃശ്ശൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) |
| | | ചാവക്കാട് | സബ് കളക്ടർ/ ആർ.ഡി.ഒ. തൃശ്ശൂർ |
| | | തലപ്പിള്ളി | ഡെപ്യൂട്ടി കളക്ടർ (ഡി. എം.) |

| | | | |
|---|---|---|---|
| തൃശ്ശൂർ | | കുന്നംകുളം | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.) |
| | ഇരിങ്ങാലക്കുട | മുകുന്ദപുരം | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |
| | | കൊടുങ്ങല്ലൂർ | |
| | | ചാലക്കുടി | സബ് കളക്ടർ/ ആർ.ഡി.ഒ. ഇരിങ്ങാലക്കുട |
| പാലക്കാട് | ഒറ്റപ്പാലം | ഒറ്റപ്പാലം | സബ് കളക്ടർ/ ആർ.ഡി.ഒ. ഒറ്റപ്പാലം |
| | | അട്ടപ്പാടി | |
| | | പട്ടാമ്പി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.) |
| | | മണ്ണാർക്കാട് | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) |
| | പാലക്കാട് | ചിറ്റൂർ | |
| | | പാലക്കാട് | സബ് കളക്ടർ/ ആർ.ഡി.ഒ. പാലക്കാട് |
| | | ആലത്തൂർ | ഡെപ്യൂട്ടി കളക്ടർ (എൽ. എ.) |
| | | പെരിന്തൽമണ്ണ | സബ് കളക്ടർ/ ആർ.ഡി.ഒ. പെരിന്തൽമണ്ണ |
| | | [illegible] | ഡെപ്യൂട്ടി കളക്ടർ (എൽ. |

| | | | |
|---|---|---|---|
| മലപ്പുറം | പെരിന്തൽമണ്ണ | ഏറനാട് | ആർ. ) |
| | | നിലമ്പൂർ | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | കൊണ്ടോട്ടി | |
| | തിരൂർ | തിരൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. തിരൂർ |
| | | പൊന്നാനി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | തിരൂരങ്ങാടി | ഡെപ്യൂട്ടി കളക്ടർ (എൽ. എ. ) |
| കോഴിക്കോട് | കോഴിക്കോട് | കോഴിക്കോട് | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | താമരശ്ശേരി | സബ് കളക്ടർ/ ആർ.ഡി.ഒ. കോഴിക്കോട് |
| | വടകര | വടകര | സബ് കളക്ടർ/ ആർ.ഡി.ഒ. വടകര |
| | | കൊയിലാണ്ടി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| വയനാട് | മാനന്തവാടി | മാനന്തവാടി | സബ് കളക്ടർ/ ആർ.ഡി.ഒ. മാനന്തവാടി |
| | | വൈത്തിരി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | സുൽത്താൻബത്തേരി | ഡെപ്യൂട്ടി കളക്ടർ (ആർ. |

| | | | |
|---|---|---|---|
| | | | ആർ. ) |
| കണ്ണൂർ | തലശ്ശേരി | തലശ്ശേരി | സബ് കളക്ടർ/ആർ.ഡി.ഒ. തലശ്ശേരി |
| | | ഇരിട്ടി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | പയ്യന്നൂർ | ഡെപ്യൂട്ടി കളക്ടർ (ഡി.എം. ) |
| | തളിപ്പറമ്പ | തളിപ്പറമ്പ | സബ് കളക്ടർ/ ആർ.ഡി.ഒ. തളിപ്പറമ്പ |
| | | കണ്ണൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| കാസർഗോഡ് | കാഞ്ഞങ്ങാട് | ഹോസ്ദുർഗ് | സബ് കളക്ടർ/ ആർ.ഡി.ഒ. കാഞ്ഞങ്ങാട് |
| | | വെള്ളരിക്കുണ്ട് | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | കാഞ്ഞങ്ങാട് | കാസർഗോഡ് | സബ് കളക്ടർ/ ആർ.ഡി.ഒ. കാസർഗോഡ് |
| | | മഞ്ചേശ്വരം | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
കൃഷി (എൻ. സി. എ.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
സെക്ഷൻ ഓഫീസർ
Date: 27-06-2024 19:49:14

**പകർപ്പ് :** ബഹു.റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് പുറപ്പെടുവിച്ച 27.06.2024-ലെ സ.ഉ.(അച്ചടി)നം.140/2024/RD ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(അച്ചടി) നം.142/2024/RD തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:-

1. 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024, 20.06.2024 തീയതികളിലെ LR/2207/2022-LR(A4) നം. റിപ്പോർട്ട്.
3. 27.06.2024-ലെ സ.ഉ. (അച്ചടി) നം.140/2024/RD സർക്കാർ ഉത്തരവ്.

ഉത്തരവ്

2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (xv എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പു കൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ, ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ച് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ചുവടെ ചേർത്ത പ്രകാരം ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

| ജില്ല | റവന്യൂ ഡിവിഷണൽ ആഫീസ് | താലൂക്ക് | ചുമതല നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| തൃശ്ശൂർ | ഇരിങ്ങാലക്കുട | മുകുന്ദപുരം | സബ് കളക്ടർ/ ആർ.ഡി.ഒ. ഇരിങ്ങാലക്കുട |
| | | കൊടുങ്ങല്ലൂർ | |
| | | ചാലക്കുടി | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SINDHU LAL

അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാരും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, എറണാകുളം
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
കൃഷി (എൻ. സി. എ.) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suchitra S S
Date: 28-06-2024 17:38:40

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. - ക്ക്